**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1243** **27-07-2021 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് ഡിപ്പോയിലെ ബസ് സർവ്വീസുകൾ പുന:സ്ഥാപിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ പുതിയ ഷെഡ്യൂൾ പരിഷ്കരണത്തിന്റെ ഭാഗമായി ഹരിപ്പാട് ഡിപ്പോയിൽ നിന്നുള്ള എത്ര സർവ്വീസുകളാണ് വെട്ടിക്കുറച്ചതെന്ന് അറിയിക്കാമോ; | (എ) | 2021 മാർച്ച് വരെ പ്രതിദിനം ശരാശരി 30 സർവ്വീസുകൾ നടത്തിവന്നിരുന്നു. കോവിഡ് വ്യാപനത്തെ തുടർന്ന് നിയന്ത്രണങ്ങൾ ഉള്ളതിനാൽ നിലവിൽ 26 സർവ്വീസുകൾ നടത്തി വരുന്നു. ഇതിനായി 31 ബസുകൾ നിലവിലുണ്ട്. |
| (ബി) | ഇവിടെ സർവ്വീസ് നടത്തിയിരുന്ന എത്ര ബസ്സുകളാണ് മറ്റ് ഡിപ്പോകളിലേക്ക് മാറ്റിയതെന്നും ഇതിന്റെ കാരണമെന്തെന്നും അറിയിക്കാമോ; | (ബി) | കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ കോർപ്പറേഷന്റെ ആകെയുള്ള 6185 ബസ്സുകൾ ഡിപ്പോകളിൽ നിലനിർത്തി പരിപാലിക്കുന്നത് കോർപ്പറേഷന്റെ സാമ്പത്തിക ചെലവ് വർദ്ധിക്കുന്നതിന് കാരണമാകും. ആയതിനാൽ സർവ്വീസ് നടത്തുന്നതിന് ആവശ്യമായ 3800 ബസ്സുകളും, കൂടാതെ 12% സ്പെയർ ബസ്സുകൾ അടക്കം 4250 ബസ്സുകൾ സജ്ജമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും ബാക്കിയുള്ള ബസ്സുകൾ 18 സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി പാർക്ക് ചെയ്തിട്ടുണ്ട്. മേൽ പ്രതിപാദിച്ച ചെലവ് ചുരുക്കലിന്റെ ഭാഗമായി കാലപ്പഴക്കം ചെന്നതും വർദ്ധിച്ച അറ്റകുറ്റപ്പണികൾ ഉള്ളതുമായ 12 ബസ്സുകൾ ഹരിപ്പാട് യൂണിറ്റിൽ നിന്നും സുരക്ഷിത കേന്ദ്രത്തിലേക്ക് മാറ്റി പാർക്ക് ചെയ്തിട്ടുണ്ട്. ഹരിപ്പാട് ഡിപ്പോയിൽ സർവ്വീസിന് കൂടുതൽ ബസ്സുകൾ ആവശ്യമുള്ള സാഹചര്യം വരുമ്പോൾ ജില്ലാ പൂളിൽ നിന്നും അനുവദിച്ച് നൽകുന്നതാണ്. |
| (സി) | ഇതിന്റെ ഫലമായി പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കോവിഡ് -19 നേരിടുന്നതിനായി ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ അവസാനിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (ഡി) | പ്രസ്തുത സർവ്വീസുകൾ പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | കോവിഡ് -19 നേരിടുന്നതിനായി ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ |

| | | | |
|---|---|---|---|
| | | | അവസാനിക്കുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ